(ബി) ഇല്ല. സർക്കാർ അംഗീകൃതമായ നഴ്സറികളിൽനിന്നും ഗുണനിലവാരമുള്ള നടീൽവസ്തുക്കൾ കൃഷിക്കാർ നേരിട്ട് വാങ്ങുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

(സി) ഉണ്ട്. അക്കാര്യത്തിൽ പരിശീലനം സിദ്ധിച്ച 220 പേർ കൃഷി വകുപ്പിലുണ്ട്.

(ഡി) 5000-ത്തോളം പേർക്ക്. ഇതുമൂലം, കർഷകർക്ക് ഗുണനിലവാരമുള്ള നടീൽവസ്തുക്കൾ തെരഞ്ഞെടുക്കുവാനും പുഷ്പകൃഷിയുടെ വിവിധ വശങ്ങളെക്കുറിച്ച് മനസ്സിലാക്കുവാനും ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല എന്നിവയുടെ കൃഷിരീതികൾ പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി, വിപണനമാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് കർഷകർക്ക് അറിവുനേടുവാനും കഴിഞ്ഞിട്ടുണ്ട്.

പൂ കൃഷി സംബന്ധമായ വിജിലൻസ് കേസ്

137 [2756] ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂ കൃഷി (ഹോർട്ടികൾച്ചർ)-യെ സംബന്ധിച്ചു എത്ര വിജിലൻസ് കേസ് ഉണ്ടായിട്ടുണ്ട്;

(ബി) ഇക്കാര്യം ഇപ്പോഴത്തെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിനെ സംബന്ധിച്ചു 1997 മുതൽ 2001 വരെ എത്ര വിജിലൻസ് കേസുകളും മറ്റു കോടതികേസുകളും ഉണ്ട്; ഇനം തിരിച്ചു വിശദമാക്കുമോ?

ഉത്തരം

(എ) വിജിലൻസ് കേസ് ഒന്നുംതന്നെ ഉണ്ടായിട്ടില്ല.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

കശുവണ്ടി കർഷകർക്ക് ഭൂപരിധി നിയമത്തിൽ ഇളവ്

138 [2757] ശ്രീ. കളത്തിൽ അബ്ദുള്ള:
,, പി. കെ. കെ. ബാവ:
,, സി. മോയിൻകുട്ടി:
,, സി. മമ്മൂട്ടി:
,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടികൃഷിയുടെ പ്രോത്സാഹനത്തിന് എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly